പൊതു വിദ്യാഭ്യാസ വകുപ്പ്
ഹയർ സെക്കന്ററി (വൊക്കേഷണൽ) വിഭാഗം

തീയതി: 30-09-2021

# പത്രക്കുറിപ്പ്

**ഹയർസെക്കണ്ടറി (വൊക്കേഷണൽ) കോഴ്സുകളിലേക്കുള്ള**

**രണ്ടാം അലോട്ട്മെൻറ് ഒക്ടോബർ 1 ന് പ്രസിദ്ധീകരിക്കും**

ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനായുള്ള രണ്ടാം അലോട്ട്മെൻറ് ഒക്ടോബർ 1 ന് പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കും.

ഒന്നാം അലോട്ട്മെൻറ് പ്രകാരം 15,521 കുട്ടികൾ പ്രവേശനം നേടി. ഇനി ഒഴിവുള്ള 15,019 സീറ്റുകളിലേക്കാണ് രണ്ടാം അലോട്ട്മെൻറ്.

രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾ ഒക്ടോബർ 5 വൈകുന്നേരം 4.00 മണിക്ക് മുൻപായി സ്ഥിര/താത്കാലിക പ്രവേശനം നേടേണ്ടതാണ്.

www.admission.dge.kerala.gov.in എന്ന വെബ്സൈറ്റിലെ Higher Secondary (Vocational) Admission എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശന വെബ് സൈറ്റിൽ പ്രവേശിച്ച് Second Allotment Results എന്ന ലിങ്കിലൂടെ അലോട്ട്മെന്റ് പരിശോധിക്കാം. അലോട്ട്മെന്റ് ലഭിച്ചവർക്ക് പ്രസ്തുത ലിങ്കിൽ നിന്നു തന്നെ അലോട്ട്മെന്റ് ലെറ്റർ ലഭിക്കും.

പൊതു വിദ്യാഭ്യാസ ഡയറക്ടർ